എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് സി.എച്ച്.സി. മറ്റത്തൂർ ഒ.പി. ബ്ലോക്ക് നിർമ്മിക്കുകയുണ്ടായി. ഇതിൽ ഒ.പി. ടിക്കറ്റ് നൽകുന്നതിന് രോഗികൾക്കുള്ള വെയിറ്റിംഗ് സ്ഥലം, ഡോക്ടർമാർക്കുള്ള പരിശോധനാമുറി എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

സംസ്ഥാന ആരോഗ്യ സർവ്വീസിലെ ഡോക്ടർമാരുടെ അവധി

30(728) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ സർവീസിൽ നിന്ന് ശൂന്യവേതന അവധി എടുത്ത് പുറത്തു ജോലി ചെയ്യുന്ന ഡോക്ടമാരുടെ എണ്ണമെത്ര ;

(ബി) പ്രസ്തുത ഡോക്ടർമാരുടെ എൻട്രി കേഡർ മുതൽ ഡി.എം.ഒ. വരെയുള്ള തസ്തികകളിലെ ശമ്പള സ്കെയിൽ എത്ര;

(സി) ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡറിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ ഉണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഒന്ന്.

(ബി) അഡ്മിനിസ്ട്രേറ്റീവ്, സ്പെഷ്യലിസ്റ്റ്, ജനറൽ കേഡറുകളിലെ സർക്കാർ ഡോക്ടർമാരുടെ ശമ്പള സ്കെയിൽ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.[1]

(സി) കൺസൾട്ടന്റ് : 235

ചീഫ് കൺസൾട്ടന്റ് : 2

സീനിയർ കൺസൾട്ടന്റ് : ...

ജൂനിയർ കൺസൾട്ടന്റ് : 80

കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ്

31(729) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ:

[1] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലാളി വാർഡ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ലഭ്യമാകുന്ന മുറയ്ക്ക് ഉടൻ നടപടികൾ സ്വീകരിക്കുന്നതാണ്.

അമ്മയും കുഞ്ഞും പദ്ധതി

32(730) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് jഃ.എസ്.എസ്.ൈക. (ജനനി ശിശു സുരക്ഷാ കാര്യക്രം). കേരളത്തിൽ ഇത് അമ്മയും കുഞ്ഞും എന്ന പേരിൽ നടപ്പിലാക്കി വരുന്നു. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സു വരെയുള്ള നവജാതശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം നൽകൽ, പ്രസവത്തിനായി ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly